**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6084** **17-03-2023 - ൽ മറുപടിയ്ക്ക്**

**സബ് ട്രഷറികൾക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ സബ്ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രോപ്പസലുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | വളാഞ്ചേരി സബ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതുമായ സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചു വരുന്നു. കോട്ടയ്ക്കൽ സബ് ട്രഷറിയ്ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ ഉള്ള ഭൂമി ട്രഷറി വകുപ്പിന് ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത ട്രഷറികളുടെ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉത്തരം 'എ' പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | വളാഞ്ചേരി സബ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ഉത്തരം 'എ പിരിവിൽ ചേർത്തിട്ടുണ്ട്' |

സെക്ഷൻ ഓഫീസർ